സഹകരണ മേഖലയിലെ നഷ്ടത്തിൽ പ്രവർത്തിക്കുന്ന ബാങ്കുകൾ

74 [1399] *ശ്രീ. ബിനോയ് വിശ്വം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് സഹകരണമേഖലയിൽ എത്ര ബാങ്കുകൾ ആരംഭിച്ചിട്ടുണ്ട്; ഇതേ കാലയളവിൽ എത്ര ബാങ്കിംഗ് സ്ഥാപനങ്ങൾ നഷ്ടത്തിലായതിന്റെ പേരിൽ അടച്ചുപൂട്ടിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) കേരളത്തിലെ എത്ര സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കുകൾക്കെതിരെ കഴിഞ്ഞ 4 വർഷത്തിനിടയിൽ സാമ്പത്തികക്രമക്കേടുകളുടെ പേരിൽ നടപടി സ്വീകരിച്ചുവെന്നും അവ ഏതെല്ലാമാണെന്നും അവ ഓരോന്നും വരുത്തിയ നഷ്ടം എത്രയാണെന്നും വെളിപ്പെടുത്താമോ;

(സി) ഇതേ കാലയളവിൽ കേരളത്തിലെ എത്ര മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ, അർബൻ ബാങ്കുകൾ, ഫാർമേഴ്സ് സഹകരണ ബാങ്കുകൾ എന്നിവയ്ക്കെതിരെ സാമ്പത്തികക്രമക്കേടുകളുടെ പേരിൽ നടപടി സ്വീകരിച്ചു എന്നും അവ ഏതെല്ലാമാണെന്നും അറിയിക്കാമോ;

(ഡി) സംസ്ഥാനത്തെ വിവിധ ജില്ലാ സഹകരണ ബാങ്കുകളിലെ 2004-2005 സാമ്പത്തികവർഷത്തിലെ കണക്കുകൾ അനുസരിച്ച് നിലവിലുള്ള സഞ്ചിത നഷ്ടം എത്ര വീതമാണെന്നും സഞ്ചിതലാഭം എത്ര വീതമാണെന്നും അറിയിക്കാമോ;

(ഇ) തുടർച്ചയായി സഞ്ചിതനഷ്ടം വരുത്തിയ ബാങ്കുകൾക്കെതിരെ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 46 സഹകരണ ബാങ്കുകൾ ആരംഭിച്ചിട്ടുണ്ട്. ടി കാലയളവിൽ ഒരു സഹകരണ ബാങ്ക് അടച്ചുപൂട്ടിയിട്ടുണ്ട്.

(ബി) കഴിഞ്ഞ 4 വർഷത്തിനിടയിൽ 51 സർവ്വീസ് സഹകരണ ബാങ്കുകൾക്കെതിരെ സാമ്പത്തികക്രമക്കേടുകളുടെ പേരിൽ നടപടി സ്വീകരിച്ചു. അവയുടെ പേരും വരുത്തിയ സാമ്പത്തികനഷ്ടവും അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.†

(സി) മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ — 8

അർബൻ സഹകരണ ബാങ്കുകൾ — 3

ഫാർമേഴ്സ് സഹകരണ ബാങ്കുകൾ — 2

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ടി സഹകരണ സ്ഥാപനങ്ങളുടെ പേര് അനുബന്ധം 2(1), 2(11), 2(111) ആയി ചേർത്തിട്ടുണ്ട്.†

(ഡി) ജില്ലാ സഹകരണ ബാങ്കുകളുടെ 2004-2005 വർഷത്തിലെ ആഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. താൽക്കാലിക ബാക്കിപത്രപ്രകാരമുള്ള ലാഭം/നഷ്ടം അനുബന്ധമായി ചേർത്തിട്ടുണ്ട്. (അനുബന്ധം-3)†

(ഇ) നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളുടെ അപേക്ഷയിൻമേൽ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് കേരള സംസ്ഥാന സഹകരണ വികസന ക്ഷേമനിധി ബോർഡ് മുഖേന ധനസഹായം നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

സഹകരണ ഇൻഷ്വറൻസ് സൊസൈറ്റി

75 [1400] *ശ്രീ. എം. വി. ജയരാജൻ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ഇൻഷ്വറൻസ് സൊസൈറ്റിയുടെ പ്രവർത്തനം വിശദമാക്കുമോ;

(ബി) ഈ സ്ഥാപനത്തിന്റെ അധികാരപരിധി, ഭാരവാഹികൾ, ഡയറക്ടർ ബോർഡ് അംഗങ്ങൾ എന്നിവ വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനത്തിൽ എത്രപേർ ജോലി ചെയ്യുന്നു;

(ഡി) അവരിൽ സ്ഥിരം, താൽക്കാലികം, ദിവസക്കൂലി ജീവനക്കാർ എത്രവീതമെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ സ്ഥാപനം ഐ. എഫ്. എഫ്. സി. ഒ.യുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നുണ്ടോ;

(എഫ്) എങ്കിൽ പ്രസ്തുത സ്ഥാപനവുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനത്തിന്റെ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) സഹകരണ മേഖലയിൽനിന്നും ഇൻഷ്വറൻസ് വിഹിതമായി മറ്റു കമ്പനികളിലേക്ക് പോകുന്ന തുക ഈ മേഖലയിൽത്തന്നെ നിലനിർത്താൻ ഉദ്ദേശിച്ച് രൂപീകരിച്ചിട്ടുള്ളതാണ് സഹകരണ ഇൻഷ്വറൻസ് സംഘം. സംഘങ്ങളിൽ നിന്നുള്ള ഓഹരി മൂലധനം, ഇൻഷ്വറൻസ് പ്രീമിയം, സർക്കാർ-സംസ്ഥാന സഹകരണ ബാങ്ക് എന്നിവരിൽനിന്നുള്ള വായ്പകൾ എന്നിവ ഉൾപ്പെടുന്നതാണ് ടി സംഘത്തിന്റെ ഫണ്ട്. ഇൻഷ്വറൻസ് റഗുലേറ്ററി ഡവലപ്മെന്റ് അതോറിറ്റിയുടെ

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

GPM. 2/567/2012—13

LIBRARY ARCHIVES Kerala Legislative Assembly